## പതിമൂന്നാം കേരള നിയമസഭ

## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2533 — 27/01/14-ലെ മറുപടിയ്ക്ക്

### അന്ധതാനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

| ചോദ്യം<br><br>ശ്രീ. റ്റി. വി രാജേഷ് | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അന്ധതാ നിവാരണപ്രവർത്തനങ്ങൾ നടത്തുന്നതിന് സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി കളിലും ഓപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് താലൂക്കാശുപത്രികളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ഓപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഗ്രാമ പ്രദേശങ്ങളിലെ അന്ധതാ നിവാരണത്തിനും സ്കൂൾ കുട്ടികളുടെ നേത്രവൈകല്യങ്ങൾ കണ്ടെത്തുന്നതിനും സംസ്ഥാനത്ത് വിഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ ഓപ്റ്റോമെട്രിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 42 വിഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിൽ ഓപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. |
| (സി) | അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും തിമിര ശസ്ത്രക്രിയ നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ജില്ലാതല മൊബൈൽ യൂണിറ്റുകൾ, ഗ്രാമ പ്രദേശങ്ങളിൽ ക്യാമ്പ് നടത്തി, തിമിര രോഗികളെ കണ്ടെത്തി സൗജന്യമായി തിമിര ശസ്ത്രക്രിയ നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ (എൻ.ജി.ഒ) പ്രധാനപ്പെട്ട ആശുപത്രികളിൽ നേത്ര ക്യാംപ് സംഘടിപ്പിച്ച് സൗജന്യമായി തിമിര ശസ്ത്രക്രിയ നടത്തിവരുന്നു. ഇതിനായി കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകി വരുന്നു. സ്കൂൾ കുട്ടികളിൽ കാഴ്ച പരിശോധന നടത്തി കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യമായി കണ്ണട നൽകിവരുന്നു. കാഴ്ച പരിശോധന നടത്തുന്നതിന് ടീച്ചർമാർക്കും, സ്കൂൾ ഹെൽത്ത് നഴ്സ്മാർക്കും പരിശീലനം നൽകുന്നുണ്ട്. നേത്ര പടലാന്ധത പരിഹരിക്കുന്നതിനും നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി എല്ലാ വർഷവും ആഗസ്റ്റ് 15 മുതൽ |

| | | | |
|---|---|---|---|
| | | | രണ്ടാഴ്ചക്കാലം 'ഐ ഡൊണേഷൻ ഫോർട്ട്നൈറ്റ്' ആചരിക്കുന്നു. ഓഫ്താൽമോളജിസ്റ്റിനും തീയേറ്ററിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സിനും വിദഗ്ദ പരിശീലനം നൽകി വരുന്നുണ്ട്. കാഴ്ച പരിശോധനയ്ക്കും, തിമിര ചികിത്സയ്ക്കുമുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാഴ്ച പരിശോധന കാര്യക്ഷമമാക്കുന്നതിനായി 25 ഓപ്റ്റോമെട്രിസ്റ്റുകളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ.